# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **10-10-2024 - ൽ മറുപടിയ്ക്ക്**

## ദേശീയ കുടുംബക്ഷേമ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ആയതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ വിവരിക്കുന്നു.<br><br>1.പ്രാഥമിക അന്നദാതാവ് (പുരുഷനോ/സ്ത്രീയോ ഗൃഹത്തിലെ അംഗമായിരിക്കും- അവരുടെ വരുമാനം മൊത്തം കുടുംബ വരുമാനത്തിലേക്ക് ഗണ്യമായി സംഭാവന ചെയ്യുന്നു.<br><br>2.അത്തരത്തിലുള്ള ഒരു പ്രാഥമിക അന്നദാതാവിന്റെ മരണം 18 നും 59 വയസ്സിനിടയിൽ സംഭവിച്ചിരിക്കണം, അതായത് മരണപ്പെട്ടയാൾ 18 വയസ്സിനു മുകളിലും 60 വയസ്സിനു താഴെയുമായിരിക്കണം.<br><br>3.ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് ദു;ഖിതരായ കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒന്നായി യോഗ്യത നേടിയിരിക്കണം.<br><br>4.മരണപ്പെട്ട വ്യക്തി മരണം സംഭവിക്കുന്നതിന് മുൻപ് മൂന്നുവർഷം കേരളത്തിൽ സ്ഥിരതാമസം ആയിരിക്കണം.<br><br>ഒരു കുടുംബത്തിലെ പ്രാഥമിക അന്നദാതാവ് മരണപ്പെട്ടാൽ ടി കുടുംബത്തിലെ മുതിർന്ന വ്യക്തി ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യത്തിനു വേണ്ടി അപേക്ഷ നൽകിയാൽ ടി അപേക്ഷ മേൽ പ്രസ്താവിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ടി പദ്ധതിയുമായി ബന്ധപ്പെട്ട് മുൻകാല സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും പരിശോധന നടത്തി ടിയാൻ പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകല്യത്തിനു അർഹമാണെന്ന് ഉറപ്പുവരുന്നപക്ഷം കേന്ദ്ര സർക്കാരിന്റെ NSAP-PPS |

| | | | |
|---|---|---|---|
| | | | Portal-ൽ ടി അപേക്ഷ വിവരങ്ങൾ ഉൾപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുന്നതാണ്. |
| (ബി) | ഗൃഹനാഥൻ മരണപ്പെട്ട വിധവകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് നല്കിവരുന്നതെന്ന് വിശദമാക്കുമോ; | (ബി) | ദേശീയ കുടുംബക്ഷേമ പദ്ധതി (National Family Benefit Scheme-NFBS) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ മുഖ്യഅന്നദാതാവ് (പ്രധാന വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിച്ചുവരുന്ന വ്യക്തി) മരണപ്പെട്ടാൽ മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന അച്ഛനമ്മമാർ എന്നിവർക്കാണ് ധനസഹായം ലഭിക്കുന്നത്. ഈ പദ്ധതി പ്രകാരം 20,000 രൂപ ആണ് ധനസഹായം ലഭിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായങ്ങളിൽ നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | 2021-22 സാമ്പത്തിക വർഷം മുതൽ ടി പദ്ധതിയ്ക്ക് ലഭിക്കേണ്ട കേന്ദ്ര ധനസഹായത്തിൽ കുടിശ്ശികയുണ്ട്. ആയത് ലഭ്യമാക്കുന്നതിന് റിവൈസ്ഡ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. NSAP-PPS പോർട്ടലിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കേന്ദ്രനിർദ്ദേശം നിലവിൽ ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ചുള്ള ഡാറ്റാഎൻട്രി പൂർത്തിയാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ